# VIMALA HRIDAYA HSS FOR GIRLS

## PATTATHANAM KOLLAM

## SCHOOL CODE - 41068



# സമഗ്ര വിദ്യാഭ്യാസ പദ്ധതി

# പഠനപഥം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–2026

**വിമല ഹൃദയ ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ്**

**പട്ടത്താനം, കൊല്ലം**

# <u>ഉള്ളടക്കം</u>

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. അടിസ്ഥാന വിവരങ്ങൾ
4. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
5. പദ്ധതി വിശദാംശങ്ങൾ (ലക്ഷ്യം, പ്രവർത്തനം, കാലം, ചുമതല)
6. മികവുകൾ, നേട്ടങ്ങൾ (മുൻവർഷം)

# ആമുഖം

സുദീർഘമായ 63 വർഷത്തെ വിജയപാരമ്പര്യത്തിന്റെ മികവിൽ കൊല്ലം നഗരത്തിന്റെ തിലകക്കുറിയായി പരിലസിക്കുന്ന വിമല ഹൃദയ ഹയർസെക്കന്ററി സ്കൂൾ ഫോർ ഗേൾസ്, പട്ടത്താനം, കൊല്ലം രൂപതയുടെയും FIH സന്യാസിനി സമൂഹത്തിന്റെയും നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം നവീന ശാസ്ത്ര- സാങ്കേതിക മുന്നേറ്റങ്ങളോടും മൂല്യാധിഷ്ഠിത വിദ്യാഭ്യാസ ദർശനത്തോടും കൂടിയ സമഗ്ര വിദ്യാഭ്യാസ വികസനം ആവിഷ്കരിക്കുന്നു.

വിദ്യാർത്ഥിനികളുടെ ബുദ്ധിവികാസം, സാമൂഹിക ബോധം, ധാർമ്മികത എന്നിവയെ ഏകദൃഷ്ടിയോടെ വളർത്തുന്നതാണ്. ഒരു സമ്പൂർണ്ണ വിദ്യാഭ്യാസ പദ്ധതിയുചെ ലക്ഷ്യം. ഇത് സാധ്യമാക്കാൻ ആവശ്യമായ ദിശയും മാർഗ്ഗനിർദ്ദേശവും നൽകുന്നവയാണ്. അക്കാദമിക മാസ്റ്റർ പ്ലാനുകൾ, ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ദീർഘദൂര ലക്ഷ്യങ്ങളെയും വർഷാനുസൃത പ്രവർത്തന രീതികളെയും പ്രതിനിധീകരിക്കുന്നതാണ് മാസ്റ്റർ പ്ലാൻ. അധ്യാപകരുടെയും വിദ്യാർത്ഥിനികളുടെയും ശാക്തീകരണം ലക്ഷ്യമാക്കി തയ്യാറാക്കപ്പെടുന്ന ഈ പ്ലാൻ, നിലവിലെ വിദ്യാഭ്യാസ രീതികളുടെ ആധികാരിക വിശകലനവും ഭാവിയിലെ സാധ്യതകളും ഉൾക്കൊള്ളുന്നു.

## ലക്ഷ്യങ്ങൾ

- വിദ്യാർത്ഥിനികളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുക.
- പരീക്ഷാഫലങ്ങളിൽ പുരോഗതി കൈവരിക്കുക.
- അധ്യാപകരുടെ അധ്യാപനരീതി നവീകരിക്കുക. (ടെക്നോളജി, Teaching Learning Materials എന്നിവയുടെ പ്രയോജനപ്പെടുത്തൽ)
- വിദ്യാർത്ഥിനികളിൽ സ്വതന്ത്രപഠന ശീലങ്ങൾ വളർത്തുക.
- ശാസ്ത്രീയമായി അധ്യാപന പുരോഗതി നിരീക്ഷിക്കുക.
- വിഷയത്തെപ്പറ്റിയുള്ള ആഴത്തിലുള്ള ബോധം വളർത്തുക.
- സൗജന്യ പഠനസഹായങ്ങൾ ഉറപ്പാക്കുക.
- പഠനത്തിൽ തുടർച്ച ഉറപ്പാക്കുക.
- മാതൃഭാഷയും മറ്റു ഭാഷകളും ശക്തിപ്പെടുത്തുക.
- പഠനത്തിലെ വ്യക്തിഗത വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- മാതൃകാത്മക ക്ലാസ്സ് മുറികൾ സൃഷ്ടിക്കുക.
- വിദ്യാഭ്യാസം വർണ്ണമയമാക്കുന്ന സഹപാഠ്യപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. (ക്വിസ്, ഡിബേറ്റ്)
- പഠനത്തിൽ സഹകരണം പ്രോത്സാഹിപ്പിക്കുക.
- സാങ്കേതിക വിദ്യയുടെ ഗുണപരമായ ഉപയോഗം ഉറപ്പാക്കുക.

- മാതാപിതാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
- വിദ്യാർത്ഥിനികളിൽ ആത്മവിശ്വാസവും നേതൃഗുണവും വളർത്തുക.
- പരീക്ഷാഭയമില്ലാത്ത പഠനവാതിലുകൾ തുറക്കുക.
- വിദ്യാഭ്യാസത്തിൽ സാംസ്കാരിക വൈവിധ്യബോധം വളർത്തുക.
- പഠനരീതികൾ കാലാനുസൃതമായി നവീകരിക്കുക.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | വിമല ഹൃദയ ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് പട്ടത്താനം, കൊല്ലം- 691021 |
| ഫോൺ | : | 0474 – 2741804 |
| സ്കൂൾ കോഡ് | : | 41068 |
| വിദ്യാഭ്യാസ ഉപജില്ല | : | കൊല്ലം |
| ബി.ആർ.സി | : | കൊല്ലം |
| കോർപ്പറേഷൻ | : | കൊല്ലം |
| താലൂക്ക് | : | കൊല്ലം |
| ഇ–മെയിൽ | : | 41068kollam@gmail.com |
| UDISE Code | : | 32130600305 |

## കുട്ടികളുടെ എണ്ണം 2025-2026

| വിഭാഗം | എണ്ണം |
|---|---|
| V | 243 |
| VI | 301 |
| VII | 311 |
| VIII | 518 |
| IX | 591 |
| X | 526 |
| **ആകെ** | 2490 |

## നിലവിലുള്ള ജീവനക്കാരുടെ എണ്ണം

| വിഭാഗം | എണ്ണം |
|---|---|
| HM | 1 |
| UP | 30 |
| HS | 62 |
| Non Teaching | 8 |
| **ആകെ** | 101 |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

<table>
<tr><th>അക്കാദമികം</th><th>ഭൗതികം</th><th>സാമൂഹികം</th></tr>
<tr><td>

- ഭാഷാശേഷി വികസനം
- അക്ഷരം ഉറപ്പിക്കൽ
- പദനിർമ്മാണം
- സാഹിത്യക്വിസ്
- ശാസ്ത്രക്വിസ്
- ഗണിത ക്വിസ്
- ലൈബ്രറി ശാക്തീകരണം
- സാഹിത്യ പോഷണ പരിപാടികൾ
- സെമിനാറുകൾ
- കലാ-കായിക മേള
- സാഹിത്യകാരനുമായി സംവദിക്കൽ
- ഐ.ടി. പരിശീലനം
- പ്രവർത്തന പരിചയപഠനം
- ശാസ്ത്രാഭിരുചി വളർത്തൽ
- സൂംബ പരിശീലനം
- ടേബിൾ ടെന്നീസ് അക്കാഡമി
- കരാട്ടെ പരിശീലനം
- വിവിധ ക്ലബ്ബുകൾ/ യൂണിറ്റുകൾ (NCC, JRC, SPC, Scout & Guides, Little Kites)

</td><td>

- ഡൈനിംഗ് ഹാൾ/ കിച്ചൺ
- നാപ്കിൻ ഇൻസിനറേറ്റർ
- വായന മുറി
- പച്ചക്കറി തോട്ടം
- ലബോറട്ടറി
- കളിസ്ഥലം
- സോളാർ പാനൽ

</td><td>

- പി.ടി.എ & മദർ പി.ടി.എ എന്നിവയുടെ പ്രവർത്തനം
- പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ ശാക്തീകരണം
- ജീവകാരുണ്യപ്രവർത്തനം
- ബോധവത്കരണ ക്ലാസ്സുകൾ

</td></tr>
</table>

# സ്കൂളിനു ലഭിച്ച അംഗീകാരങ്ങൾ

- എസ്.എസ്.എൽ.സി. പരീക്ഷയിൽ ജില്ലയിൽ ഏറ്റവും കൂടുതൽ A+ നേടിയതിനുള്ള പുരസ്കാരം ലഭിച്ചു.
- ജില്ലാ ശിശുദിന റാലിയിൽ പങ്കെടുത്ത് എവർ റോളിംഗ് ട്രോഫിയും 10,000 രൂപ ക്യാഷ് അവാർഡും സ്കൂൾ കരസ്ഥമാക്കി.
- സജ്ന എസ് പ്ലസ് വൺ ബയോളജിക്കൽ സയൻസ്, പ്രജിത പ്ലസ് വൺ ബയോളിക്കൽ സയൻസ് എന്നീ കുട്ടികൾ പ്ലസ് വൺ പരീക്ഷയിൽ മുഴുവൻ മാർക്കും നേടി.
- മികച്ച സ്കൂളിനുള്ള നല്ല പാഠം പദ്ധതിയിലൂടെ പുരസ്കാരം ലഭിച്ചു.
- അനന്യ എസ്. സുഭാഷ് (X.O) ഈ വർഷത്തെ കേരള സർക്കാരിനെ ഉജ്ജ്വല ബാല്യപുരസ്കാരത്തിന് അർഹയായി. SCERT സ്കൂൾ പാഠപുസ്തകത്തിൽ ചിത്രങ്ങൾ വരച്ചു, കേരള സ്കൂൾ കലോത്സവത്തിൽ മൂന്ന് വർഷമായി മത്സരിച്ച മൂന്നിനങ്ങളും 'A' ഗ്രേഡ്, ഏഷ്യ, ഇന്റർനാഷണൽ ബുക്ക് ഓഫ് വേൾഡ് റെക്കോഡുകൾ ഈ വർഷം 50 ഓളം മത്സരങ്ങളിൽ മത്സരിച്ചു. വിജയിച്ചു.
- സബ്ജില്ലയിൽ സയൻസ്, സോഷ്യൽ സയൻസ്, മാത്സ്, ഐ.ടി., പ്രവൃത്തിപരിചയമേളകളിൽ സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. ജില്ലയിലും സ്കൂളിൽ സയൻസ് ന് ഓവർ ഓൾ ചാമ്പ്യൻഷിപ്പ് നേടി.
- മലയാള മനോരമ നല്ല പാഠം പുരസ്കാരം സ്കൂളിനു ലഭിച്ചു.
- ജില്ലാശാസ്ത്രമേളയിൽ സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.

# വിമലഹൃദയ ജി.എച്ച്.എസ്.എസ്

## പട്ടത്താനം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം:**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനു ഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു<br>**ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോ ഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം<br>ജൂൺ മാസം<br>ജൂൺ മാസം | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | | | |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുടെ ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.ഐ |

# Academic Master Plan : English 2025-2026

## മേഖല : ഇംഗ്ലീഷ്

| Aim | Activities | Month | Responsible Person | Economic Souce |
|---|---|---|---|---|
| **To encourage Listening & Sneaking.**<br><br>• **To enhance listening comprehension** through various formats (dialogues, monologues, audio instructions).<br>• **To develop the ability to infer meaning** from spoken content, focusing on both explicit information and implied meanings.<br>• **To practice identifying specific details and main ideas** in a variety of spoken formats (e.g., conversations, instructions, or narratives).<br>• **To improve note-taking skills** through the use of journals that track listening activities and reflections outside of class.<br>• **To improve comprehension of spoken language** in context, with visual cues like body language, tone, and mood. | **Audio Comprehension Exercises**<br><br>Listening to short dialogues or monologues followed by comprehension questions.<br><br>Listening for gist, specific details, or Inference.<br><br>Students maintain journals of what they've listened to outside class.<br><br>Listening and responding to audio instructions. | June<br><br><br><br><br><br>July | English Teachers | English club |

| | | | | |
|---|---|---|---|---|
| **Empower Parents to Support Learning at Home**<br>To equip parents with practical strategies and activities they can implement at home to support their child's academic development.<br><br>**Regular Parent-Teacher Communication:**<br>To keep parents informed about their child's progress and create a partnership between home and school.<br><br>**Homework Support Sessions:**<br>Volunteering in the Classroom To encourage parents to get involved in their child's learning through volunteering opportunities. | (Build trust and understanding between families and schools regarding educational practices and student progress.<br><br>(Encourage parents to take an active role in their child's academic progress through at-home activities and feedback.<br><br>Help parents understand their child's (strengths, weaknesses, and areas for growth, allowing them to provide specific, focused support.<br><br>Encourage parents to create routines and structures that support consistent learning (e.g., setting aside time for reading, writing, etc.).<br><br>(Promote a growth mindset at home, helping students understand the value of (effort, perseverance, and improvement in their learning process.<br><br>(Encourage parents to help their children practice speaking! listening, and writing (outside of the classroom.<br><br>(Promote activities that involve storytelling, (discussions, and conversations at home to improve language skills.<br><br>Guide parents on how to support reading, writing, and other subject areas at home, even if they are not experts in the content.<br><br>Offer opportunities for parents to share (their skills and expertise in support of the **classroom** | Throughout the year<br><br>Once in a month | | English Club<br><br>English Club |

| | | | | |
|---|---|---|---|---|
| | **(e.g., as guest speakers, or through volunteer opportunities).**<br><br>Parent-Teacher Conferences: Hold regular meetings to discuss the student’s progress, (areas of strength, and areas that need [improvement.<br><br>[Provide clear, easy-to-follow guidelines for helping students with reading, writing, and (math activities at home.<br><br>Guest Speaker Sessions: Invite parents to speak to the class about their careers or (personal experiences, especially if they can (tie their expertise to the subject matter. Classroom Projects: Parents can assist in (organizing materials for science fairs, school (plays, or other classroom activities. | Once in a term | English Teachers & PTA Members & parents | |

| | | | | |
|---|---|---|---|---|
| | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs. | Throughout the year | English Teachers | English Club |
| Assessment and Feedback | **1. Formative Assessment:**<br><br>- Regular quizzes and tests to assess understanding of concepts.<br><br>- Classroom observations during group activities and discussions to evaluate participation and collaborative skills.<br><br>- Use of anecdotal records to capture individual student progress and challenges during various activities. | Almost every day | | |
| | **2. Summative Assessment:**<br><br>- End-of-term examinations that cover the syllabus comprehensively, reflecting all the topics taught.<br><br>- Projects or assignments that require students to apply their knowledge creatively, allowing for assessment of both process and product. | Once in a term | | |
| | **3. Peer Assessment:**<br><br>- Encourage students to provide constructive feedback to each other on group projects or presentations, fostering a culture of collaborative learning. | | | |

| | | | | |
|---|---|---|---|---|
| Strengthen the Home-School<br><br>(Connection: To bridge the gap between classroom instruction and home learning by involving parents in their child's education.<br><br>Enhance Students[5] Learning and Motivation<br><br>Build a Positive Learning Environment at Home<br><br>Improve Communication Skills To improve communication between students, parents, and teachers, helping students develop better verbal, written, and listening skills. | Use peer assessment checklists for group-based activities that enable students to recognize both strengths and areas for improvement in their peers' work.<br><br>**4. Self-Assessment:**<br><br>- Provide students with tools (such as rubrics) to assess their own work, helping them to reflect on their strengths and areas for growth.<br><br>- Implement reflective journals where students can write about their learning experiences, what they found challenging, and their strategies for overcoming these challenges.<br><br>**5. Feedback Mechanisms:**<br><br>- Timely feedback on assignments and assessments to guide students in understanding their mistakes and areas for improvement.<br><br>- Individual conferences to discuss assessment results) and personalize feedback based on studentssneeds and learning styles.<br><br>- Use of formative assessment results to adjust teaching strategies and address any gaps in understanding.<br><br>6.Parent Involvement: Sharing assessment outcomes with parents through regular {updates, parents' meetings, or newsletters, ensuring they are informed about their child's progress. | Once in a month | English Teachers | English Club |

| | | | | |
|---|---|---|---|---|
| | Encouraging parental feedback on their child's learning process and experiences at home to create a supportive learning environment<br><br>**7. Continuous Improvement:**<br><br>Collecting periodic feedback from students about the teaching-learning process to understand their perspectives land makes necessary adjustments.<br><br>Using assessment data to identify trends land patterns that may inform curriculum adjustments or individual student [interventions.<br><br>Create a collaborative partnership where parents feel empowered to support their child's learning at home. | Once in a month | | |

| | | | | |
|---|---|---|---|---|
| To expand students' vocabulary and improve their reading comprehension by engaging in pre-reading activities that introduce and define key terms. | **8. Vocabulary Building**<br><br>• Pre-reading vocabulary tasks (e.g., word maps, matching words to meanings). | | | |
| **Language** Games, puzzles and Activities:<br><br>Differentiation and Support: | integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Through out the year | English Teachers | English club |

| | | | | |
|---|---|---|---|---|
| To develop Writing Skills Introduce grammatical concepts such as parts of speech, tenses, and sentence structure.<br><br>To develop basic Grammar rules.<br><br>Focus on sentence structure, punctuation, and grammar.<br><br>Introduce different types of writing: narrative, descriptive, persuasive, etc.<br><br>Students will learn to organize their writing with clear introductions, body paragraphs, and conclusions. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues \|from passage.<br><br>**Writing Activities**<br><br>**1. Process Writing**<br>• Prewriting, drafting, revising, editing, publishing.<br>• Teacher feedback during each stage.<br><br>**2. Genre-based Writing**<br>• Narrative, descriptive, persuasive, report, letter, email, recount writing.<br><br>**3. Creative Writing**<br>• Stories, poems, comic strips, or scripts for plays/skits.<br><br>**4. Writing Prompts**<br>• Daily or weekly prompts for journals or free-writing exercises.<br><br>**5. Response Writing**<br>• Responding to reading texts, videos, or real-life events.<br>• e.g., writing a letter to a character, or | August –<br><br>December<br><br><br><br><br><br><br>January-February | English teachers | English Club |

| | | | | |
|---|---|---|---|---|
| Students will engage in creative writing exercises that stimulate imagination, such as narrative writing, poetry, or descriptive writing.<br><br>Students will focus on revising Idrafts to improve clarity, [structure, and word choice, fostering a habit of refining \|their writing over time.<br>Students will develop self-editing skills to identify and correct errors in their own writing | opinion paragraphs.<br><br>**6. Collaborative Writing**<br><br>• Pair or group writing tasks (e.g., writing a story together or peer- editing).<br><br>**7. Writing for Specific Purposes**<br><br>• Real-world tasks like writing **instructions, resumes, applications, social media posts,** etc.<br><br>**8. Grammar and Sentence construction**<br><br>• Focused exercises on **sentence types, punctuation, paragraph structure,** and **cohesion.**<br><br>**9. Peer Review and Editing**<br><br>• Students read each other's work and give structured feedback.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays. Teach persuasive writing techniques and argumentation. | | | |

| | | | | |
|---|---|---|---|---|
| | Preparing and delivering speeches. Listening to and analysing different media sources.<br><br>Interactive grammar games.<br><br>Structured grammar lessons with examples and practice exercises.<br><br>Worksheets on parts of speech, punctuation and sentence types. | | | |
| • **To expand vocabulary** by<br><br>Using it in context through fun and engaging activities.<br><br>• **To reinforce word**<br><br>**knowledge** through practice, helping students remember and use new vocabulary actively.<br><br>**Vocabulary Games and Exercises**<br><br>To develop students' ability to understand, interpret, and evaluate texts through literal, inferential, and evaluative questioning.<br><br>To support students in applying reading strategies (e.g., predicting, questioning, summarizing) for improved comprehension and critical pinking in small group settings.<br><br>To help students improve their comprehension and analytical skills through teacher-led modelling of thinking | **Vocabulary Games and Exercises**<br><br>**Reading Activities**<br><br>**1. Reading Comprehension**<br><br>• Short passages with **literal, inferential, and evaluative** questions.<br><br>• Use of **graphic organizers** (e.g., story maps, Venn diagrams).<br><br>**2. Guided Reading**<br><br>• Small group) reading sessions with teacher support.<br><br>• Focus on reading strategies: predicting, questioning, summarizing.<br><br>**3. Shared/Modelled Reading**<br><br>• Teacher reads aloud while students follow.<br><br>• Teacher models **thinking aloud** strategies (e.g., making inferences). | | | |

| | | | | |
|---|---|---|---|---|
| aloud [strategies, including making inferences and identifying main ideas.<br><br>To strengthen students ability to analyze and interpret the language, structure, and meaning of texts through focused, intensive reading.<br><br>To enhance students' ability to read quickly for main ideas (skimming) and locate specific details (scanning), improving overall reading efficiency.<br><br>To develop students' ability to read different types of texts (e.g., news articles, ads, manuals) and apply reading strategies to real- world materials.<br><br>To encourage reflective thinking and written expression by having students summarize, respond to, and analyze texts they read outside of class.<br><br>* To develop *the* ability to identify a speaker's intention and mood based on visual and auditory cues.<br><br>• To refine critical listening skills by answering questions that address the nuances I of tone, mood, and intentions in videos.<br><br>**Enhance Speaking Skills.**<br><br>• To foster collaborative speaking skills and allow students to express and develop their ideas | **4. Close Reading**<br><br>• Intensive reading of short texts to analyze vocabulary, structure, and meaning.<br><br>**5. Skimming and Scanning Tasks**<br><br>• Find the main idea (skimming) or specific information (scanning).<br><br>**6. Reading for Different Purposes**<br><br>• Reading **news articles, manuals, ads,** or **emails** for real-world skills.<br><br>**7. Reading Journals**<br><br>• Students write reflections or summaries of what they've read.<br><br>**Video-based Listening**<br><br>Watching short videos or film clips and answering questions.<br><br>Identifying tone, mood, and speaker's intention.<br><br>**Speaking Activities**<br><br>**1.**Pair and Group Discussions<br><br>• Think-Pair-Share, debates, or structured academic conversations.<br><br>2. **Role Plays & Simulations**<br><br>• Real-life scenarios like at the airport, shopping, job interviews. | | | |

| | | | | |
|---|---|---|---|---|
| in (structured settings.<br>• To promote critical .thinking by engaging in (debates or academic conversations with peers.<br>• To enhance language use in real-life contexts, fostering communication skills in authentic scenarios.<br>• To develop accurate pronunciation, focusing on key<br>• To develop accurate pronunciation, focusing on key features like stress, intonation, and rhythm.<br>• To practice improvisation land problem-solving in spontaneous speaking situations (e.g., job interviews, (shopping, making requests).<br>• To develop social skills like [turn-taking, politeness strategies, and cultural appropriateness in speaking.<br>• To enhance narrative skills by structuring and sharing (stories clearly.<br>• To practice using descriptive (language and personal (anecdotes.<br>• To build fluency by practicing the retelling of stories with attention to key (details and thematic elements. | **3. Presentations**<br>• Individual or group presentations on familiar topics.<br>• Using visual aids (PowerPoint, poster)<br>**4. Storytelling & Retelling**<br>Students narrate personal stories or retell stories from class. **Sessions discussing themes, characters and plots to enhance listening skills.**<br>• **Group discussions and role-plays**<br>**5. Pronunciation Practice**<br>• Activities focused on stress, intonation, rhythm, and sounds.<br>**6. Speaking Circles**<br>• Inner/outer circle discussions where students rotate partners.<br>**7. Descriptive Tasks**<br>• Describing pictures, objects, or sequences (e.g., comic strips, photo stories). | | | |

# മേഖല യു.പി. ഹിന്ദി
## പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഹിന്ദി ഭാഷയോടുള്ള സ്നേഹം വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ<br>• അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും അവ കണ്ടെത്തുന്നതിനും കുട്ടികളെ പഠിപ്പിക്കുന്നു<br>• ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരീശിലനം നൽകുന്നു. | • അക്ഷരം എഴുത്ത്<br>• അക്ഷരകാർഡ്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരമാല പ്രദർശനം<br>• അക്ഷരങ്ങൾ എഴുതുന്നതിനും പഠിപ്പിക്കുന്നതിനും സഹായകമായ വീഡിയോകൾ കാണിച്ചു കൊടുക്കുന്നു | ജൂൺ– ആഗസ്റ്റ് | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ആശയവിനിമയം നടത്തുന്നതിനും ആവശ്യമായ ശേഷി വർദ്ധിപ്പിക്കുക | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| 2. നമ്മുടെ വീടുകളിൽ കാണുന്നതും കേൾക്കുന്നതു മായ വസ്തുക്കളുടെ പേരു കൾ ഹിന്ദിയിൽ പറയു വാനും അവ എഴുതുന്ന തിനും പഠിപ്പിക്കുന്നു | നമ്മുടെ വീടുകളിൽ നാം ഉപയോഗിക്കുന്ന ഓരോ വസ്തുക്കളുടെയും പേരുകൾ ഹിന്ദി യിൽ എഴുതി ഒരു പട്ടിക തയ്യാറാക്കുക കഇം യുടെ സഹായത്തോടെ വാക്കുകൾ കണ്ടെത്താൻ സഹായിക്കുക. ഇണടച കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ - ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| 3. ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസ രം.<br>(സുരീലി ഹിന്ദി)<br>കുട്ടികൾക്ക് മാനസികോ ല്ലാസം നിലനിർത്താനും ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപ ഠനം എളുപ്പമാക്കാനുമുള്ള അവസരം നൽകുക, | • ദിനാചരണങ്ങൾ<br>• അധിക വായന സാമഗ്രികൾ<br>• ചിത്രം -കഥ പറയൽ<br>• ചിത്രത്തിന്റെ സഹായത്തോടെ ചിത്ര കഥ തയ്യാറാക്കൽ<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. | നവംബർ- ഡിസംബർ | ഹിന്ദി അധ്യാപകർ | |

## മേഖല : യു.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവു കൾ, ആശയങ്ങൾ ഇവ | അങ്കത്തട്ട് കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാ | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പരിശോധിക്കൽ നേടിയെടുക്കൽ | വിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br><br>**ഓർമ്മച്ചെപ്പ്**<br><br>അന്തർദ്ദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് ങലാീ്യ ലേൈ നടത്തുന്നു. | ജൂൺ<br><br>അക്കാദമിക് വർഷാരംഭം<br><br>ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br><br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക പ്രവർത്തനം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br><br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക് വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഉലാീിസ്ഥ്യേമശേീ ക്ലാസ്സുകൾ സംഘടിപ്പി | അക്കാദമിക പ്രവർത്തനം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ക്കുകയും രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നുറുങ്ങുവെട്ടം<br><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനാസാമഗ്രികൾ ദുരന്തബാധിത പ്രവേശനങ്ങളിൽ ആശ്വാസഹസ്തമാകുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ്<br><br>സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാട്ടം<br><br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യാഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കൂടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ് സർവേ)<br><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് ചയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8. സാമൂഹ്യശാസ്ത്ര വിഷ | പുതുചക്രവാളത്തിലേക്ക് | അക്കാദമിക | സാമൂഹ്യ | |

| | | | | |
|---|---|---|---|---|
| യത്തിലൂടെ പഠിതാക്കളെ അന്തർദ്ദേശീയ നിലവാര ത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു. മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായി ക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസ്സു കൾ എന്നിവ സംഘടിപ്പിക്കുന്നു | വർഷം | ശാസ്ത്ര അധ്യാപകർ | |

# മേഖല : യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്**<br><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br><br>**കണ്ടറിയാനൊരു യാത്ര**<br><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിർമ്മാണം, പുഴയെ അറിയാൻ യാത്രകൾ<br><br>**പരീക്ഷണകളരി**<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം<br><br>ജൂലൈ<br><br>ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ<br>ഊർജ്ജ ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| | | | | |
| 2.ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | മാസ്റ്റർ മൈന്റ്<br>ഊർജ്ജക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br>ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു<br>മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു<br>യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസിക | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | കൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | | |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര<br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രവർത്തനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3 ഡി പ്രോജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളുംഅവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു<br><br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയ കൾ എല്ലാ പഠിതാ ക്കൾക്കും ഉറപ്പ് വരു ത്തുന്നു | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ...... ഉപയോ ഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിത ശാസ്ത്രപഠനവും കരച ലന ശേഷികളുടെ വികാ സവും | ഒറിഗാമി ശിൽപ്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടി പ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠനപ്രവർത്തന ങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനു സരണം | ഗണിത അധ്യാപകരും<br>ഗണിത ക്ലബ്ബിലെ അംഗങ്ങളും | |

| | | | | |
|---|---|---|---|---|
| 4. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം<br><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപ കരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലക ളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാ ക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ഗണിതപഠനത്തി നായി പ്രയോജനപ്പെടു ത്തുന്നു | ഐ.ടി. സാധ്യതകളിലൂടെ<br><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ, ഐ.ടി.സാധ്യതകൾ ഉപയോഗപ്പെടുത്തി ക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളു പ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെ ത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടി കളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ | ആഴ്ചയിൽ ഒരു പിരിവ് | ഗണിത അധ്യാപകരും<br><br>സമർത്ഥരായ കുട്ടികളും | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ നൽകുന്നു | | | |
| 8. വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളു മായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തന ങ്ങൾ യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവ സങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനു സരണം | SRG | |

# വിമലഹൃദയ ഹയർസെക്കന്ററി സ്കൂൾ 2025-2026
# മാസ്റ്റർ പ്ലാൻ
# മേഖല ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാകൃങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായ് | 3 മാസം<br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ<br>പി.ടി.എ |
| 2. കുട്ടിയെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തകചർച്ച<br>7. വായനാനുഭവം<br>8. വായനക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഹം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായി അഭിമുഖം<br>12. ഡിജിറ്റൽ വായന | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ് കമ്പ്യൂട്ടർ | അധ്യാപകർ<br>പി.ടി.എ |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തകചർച്ച<br>3. വായനക്കുറിപ്പ് പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുവർപത്രിക പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം<br>7. വ്യക്തിഗത രചന, സംഘരചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായി അഭിമുഖം<br>10. സാംസ്കാരിക ചിത്രഗാലറി | ആഗസ്റ്റ് മുതൽ 6 മാസം | ലൈബ്രറി പുസ്തകങ്ങൾ | പി.ടി.ഐ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലനകളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | ഒക്ടോബർ മുതൽ ജനുവരി വരെ (4 മാസം) | ഓഡിയോ വീഡിയോ | അധ്യാപകർ പരിശീലകർ |

# Academic Master Plan : English 2025-2026

## മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ. ടീച്ചേഴ്സ് | പി.ടി.എ മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനു വേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു<br><br>**Role play, English Day** ആചരണം, **Seminar** ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ SRG | പി.ടി.എ ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice അക്ഷര കാർഡ്, പദകാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br>ചിത്രവായന, | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ SRG ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | **ലഘുകഥ നിർമ്മാണം** Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി, ന്യൂസ് വായിക്കൽ News reading competitions | **അസംബ്ലി** | **പി.ടി.എ ടീച്ചേഴ്സ്** | |
| **4) നാടകീകരണം** | English Assembly, Skit, Puppet Show, English Lab<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | **ക്ലാസ് റൂം പ്രവർത്തനങ്ങൾ ശനിയാഴ്ചകൾ, ക്യാമ്പ്** | **പി.ടി.എ** SRG **ടീച്ചേഴ്സ് ഇംഗ്ലീഷ് ക്ലബ്ബ്** | **പി.ടി.എ രക്ഷിതാക്കൾ** |
| **5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു.** | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br><br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Review<br>രചനകളുടെ പ്രദർശനം (Magazine) | **ക്ലാസ് റൂം പ്രവർത്തനങ്ങൾ**<br><br>**വെക്കേഷൻ ശനിയാഴ്ചകൾ**<br><br>**വർഷത്തിൽ രണ്ട് പ്രാവശ്യം** | **ടീച്ചേഴ്സ് പി.ടി.എ** SRG **ടീച്ചേഴ്സ് പി.ടി.എ** SRG **ഇംഗ്ലീഷ് അധ്യാപകർ** | **ഇംഗ്ലീഷ് ക്ലബ്ബ്**<br><br>**ഇംഗ്ലീഷ് ക്ലബ്ബ്**<br><br>**പി.ടി.എ. മാനേജ്മെന്റ്** |
| **6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.** | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും<br>വീഡിയോ കോൺഫറൻസ് | **വെക്കേഷൻ (ഓണം, ക്രിസ്മസ്)** | **ടീച്ചേഴ്സ് പി.ടി.എ** SRG | **പി.ടി.എ** SRG **മാനേജ്മെന്റ്** |

| | | | | |
|---|---|---|---|---|
| | എന്നിവ നടത്തുന്നു.<br><br>English fest, English film കാണാനുള്ള അവസരം | **അക്കാദമിക വർഷത്തിൽ ഒന്ന്** | **ഇംഗ്ലീഷ് ക്ലബ്ബ്** | |
| **7) സംവാദ സദസുകൾ സംഘടിപ്പിക്കുക** | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | **ശനിയാഴ്ച കൾ/വെക്കേഷൻ അക്കാദമിക വർഷം രണ്ട് തവണ** | **ടീച്ചേഴ്സ് പി.ടി.എ** SRG | **പി.ടി.എ** SRG **മാനേജ്മെന്റ്** |

## മേഖല : അക്കാദമികം, ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തമാക്കുന്നു.

### എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ<br>തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു<br>ഉച്ചാരണം പരിചയപ്പെടുത്തുന്നു<br>അക്ഷരങ്ങൾ എഴുതാനും<br>വായിക്കാനും കണ്ടെത്താനും<br>പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം<br>കൂടുതലായി പരിചയപ്പെടുത്തുന്നു | ഹ്രസ്വം<br>ജൂൺ, ജൂലായ് |

| | | |
|---|---|---|
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ<br><br>പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യകാലം<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതാനും<br><br>വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br><br>കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ<br><br>കഴിയുന്നു | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി<br><br>എന്നിവ നൽകുന്നു.<br><br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഡിസംബർ<br><br>ജനുവരി |

ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ സാധിക്കുന്നു. | ഹ്രസ്വം<br>ജൂൺ-ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു<br>സൂചനാബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ<br>നവംബർ |

പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം<br>ജൂൺ-ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത,പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവനറിയുന്നു. സ്വഭാവസവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# Academic Master Plan – 2025-2026

# SOCIAL SCIENCE

- പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങളിൽ വന്ന മാറ്റങ്ങൾ കുട്ടികളിൽ ഫല പ്രദമായി എത്തിക്കുക.
- സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ആസ്വാദ്യകരമാക്കുക.
- സാമൂഹ്യശാസ്ത്രവിഷയത്തിൽ ഐ.സി.റ്റി. മാതൃക പ്രയോജനപ്പെടുത്തുക.
- അന്വേഷണ തത്പരരത, സാമൂഹ്യചിന്ത, സാമൂഹ്യബോധം എന്നിവ കുട്ടികളിൽ വളർത്തുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും ജനാധിപത്യബോധവും കുട്ടികളിൽ വളർത്തിയെടുക്കുക.
- പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികൾക്ക് സാമൂഹ്യാശാസ്ത്ര പഠനത്തിൽ താല്പര്യം ഉളവാക്കുക.
- ഭൂപട വായന, അറ്റ്ലസ് നിർമ്മാണം എന്നിവയിൽ കുട്ടികളിൽ ശേഷി വളർത്തുക.
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനത്തിൽ താല്പര്യം വളർത്തുക.
- ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹ്യാവബോധം വളർത്തുക.
- സാമൂഹ്യശാസ്ത്രലാബ് സജ്ജമാക്കി ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണം |
|---|---|---|---|
| 1. സാമൂഹ്യശാസ്ത്രപാഠഭാഗങ്ങളിൽ വന്ന മാറ്റങ്ങൾ കുട്ടികളിൽ ഫലപ്രദമായി എത്തിക്കുക. | പാഠ്യപദ്ധതി പരിഷ്കരണത്തെ തുടർന്ന് മാറ്റം വന്ന പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിക്കാൻ ആവശ്യമായ പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. | ജൂൺ | അധ്യാപകർ |
| 2. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കുക. | ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് റാലികളും മറ്റ് പഠനപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നു. | ജൂൺ | അധ്യാപകരും കുട്ടികളും |
| 3. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | അധ്യാപകർ |
| 4. ഭൂപട വായന, അറ്റ്ലസ് നിർമ്മാണം എന്നിവയിലുള്ള ശേഷി വർദ്ധിപ്പിക്കൽ | 8, 9, 10 പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂപട വായനയ്ക്ക് സഹായകരമായ കളം പാഠഭാഗങ്ങളിൽ ഉപയോഗപ്പെടുത്തുന്നു.<br>അറ്റ്ലസ് നിർമ്മാണത്തിനാവശ്യമായ അക്ഷാംശം, രേഖാംശം, ഗ്രിഡ് മുതലായ ആശയങ്ങൾ കുട്ടികളിലെത്തിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ | അധ്യാപകർ |
| 5. ക്ലബ് പ്രവർത്തനങ്ങൾ | സ്വാതന്ത്ര്യദിനം, ഹിരോഷിമാ നാഗസാക്കി ദിനം മുതലായവയുടെ ചരിത്ര പ്രാധാന്യം ക്ലബ് പ്രവർത്തനങ്ങളായ ക്വിസ്, റാലികൾ, പ്രഭാഷണം തുടങ്ങിയ വിവിധ പഠന പ്രവർത്തനങ്ങളിലൂടെ കുട്ടികളിലെത്തിക്കുന്നു | ഓഗസ്റ്റ് | അധ്യാപകരും കുട്ടികളും |
| 6. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു | വർഷം മുഴുവനും | അധ്യാപകരും കുട്ടികളും |

| | | | |
|---|---|---|---|
| 7. സാമൂഹ്യശാസ്ത്ര ലാബ് | നിലവിലുള്ള സാമൂഹ്യശാസ്ത്ര ലാബിനെ കൂടുതൽ കാര്യക്ഷമമമാക്കുന്നതിനായി കുട്ടികളുടെ പങ്കാളിത്ത ത്തോടെ പുതിയ പഠനമാതൃകകളും ഉപകരണങ്ങളും തയ്യാറാക്കുന്നു. പുരാവസ്തുക്കൾ, നാണയങ്ങൾ എന്നിവ ശേഖരിച്ച് ഉൾപ്പെടുത്തുന്നു. | സെപ്തം ബർ | അധ്യാപകർ കുട്ടികൾ |
| 8. ചരിത്രപഠനത്തിൽ പഠന യാത്രയുടെ പ്രാധാന്യം | 8, 9, 10 ക്ലാസ്സുകളിലെ പാഠഭാഗത്തോടനുബന്ധിച്ച് കുട്ടികളിൽ സാമൂഹ്യചിന്തയും അന്വേഷണതത്പര തയും വളർത്തിയെടുക്കാൻ പഠനയാത്രകൾ സംഘടി പ്പിക്കുന്നു. | ഒക്ടോബർ | അധ്യാപകർ പിടിഎ |
| 9. പ്രാദേശിക ചരിത്രരചന | ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങളുടെ പൂർവ്വകാല ചരിത്രം അന്വേഷിക്കുന്നതിനായി ഇന്റർവ്യൂകൾ, സർവേ മുതലായവ സംഘടിപ്പിക്കുന്നു | നവംബർ | അധ്യാപകർ കുട്ടികൾ |
| 10. ജനാധിപത്യത്തെയും ഭരണഘടനയേയും കുറി ച്ചുള്ള അവബോധം | കുട്ടികളുടെ അവകാശങ്ങൾ നിയമപരിരക്ഷ, ഭരണഘ ടനാനിർമ്മാണം, മൗലിക കർത്തവ്യങ്ങൾ എന്നിവ മന സിലാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | അധ്യാപകർ |
| 11. പ്രകൃതിസംരക്ഷണം | പ്രകൃതി ദുരന്തങ്ങൾ, ദുരന്ത നിവാരണപ്രവർത്തന ങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയെക്കു റിച്ച് ധാരണയുണ്ടാക്കാൻ ചർച്ചകൾ സംഘടിപ്പി ക്കുന്നു | ജനുവരി | അധ്യാപകർ |
| 12. പൗരബോധം, ലിംഗസമ ത്വം, നിയമനിർമ്മാണം തുടങ്ങിയ പ്രധാന ആശയ ങ്ങൾ | ഇന്ത്യയുടെ നിയമനിർമ്മാണം, സ്ത്രീസുരക്ഷ, ലിംഗ സമത്വം, പൗരബോധം എന്നീ പ്രധാന ആശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനായി സംവാദങ്ങൾ, ചർച്ച കൾ, നിയമവിദഗ്ധരുടെ ക്ലാസ്സുകൾ എന്നിവ സംഘടി പ്പിക്കുന്നു | ഫെബ്രുവരി | അധ്യാപകർ |
| 13. ഡിജിറ്റൽ മാഗസിൻ | കുട്ടികൾ ഇതുവരെ ആർജ്ജിച്ച അറിവുകൾ ഉൾപ്പെ ടുത്തി ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിനാവശ്യ മായ പ്രവർത്തനങ്ങൾ നടത്തുന്നു. | മാർച്ച് | അധ്യാപകർ |
| 14. കുട്ടികളിൽ ഉന്നതനില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവി ജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവ യെക്കുറിച്ച് കൂടുതൽ ധാരണ നൽകും. | അക്കാദമി ക വർഷം മുഴുവനും | അധ്യാപകർ |

# Academic Master Plan For Science

- ദിനാചരണങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജന്മദിനങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ ആചരിക്കും- അതോട നുബന്ധിച്ച് expert class, പോസ്റ്റർ നിർമ്മാണം മത്സരങ്ങൾ, പ്രഭാഷണം എന്നിവ സംഘടിപ്പിക്കും.
- സയൻസ് ലാബ് നവീകരണം- സയൻസ് ലാബ് നവീകരിക്കുകയും ശാസ്ത്രവിഷയങ്ങളിലെ പ്രസക്തഭാഗങ്ങൾ ഒരു ക്ലാസ്സ് എങ്കിലും സയൻസ് ലാബിൽ വെച്ച് നടത്തുവാനും തീരുമാനിച്ചു.
- സയൻസ് എക്സ്പോ നേരത്തെ നടത്തുവാൻ തീരുമാനിച്ചു, വിപുലമായ രീതിയിൽ എക്സിബിഷൻ നടത്തി മറ്റു സ്കൂളിലെ കുട്ടികൾക്കു കൂടി സന്ദർശിക്കാൻ അവസരം ഒരുക്കുന്നു. എക്സിബിഷനിൽ നിന്നും മികച്ച ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്ത് ആ കുട്ടികൾക്ക് ശാസ്ത്രമേളയ്ക്കായി പരിശീലനം നൽകുന്നു.
- പാഠഭാഗങ്ങളിൽ നിന്നും തുടർപ്രവർത്തനമായി നൽകുന്ന സെമിനാർ, പ്രോജക്ക്ട് തിരഞ്ഞെടുത്ത് കുട്ടികളെ ബാലശാസ്ത്ര കോൺഗ്രസിനുള്ള റിസർച്ച് ടൈപ്പ് പ്രോജക്ടിനും ടാലന്റ് സേർച്ച് പരീക്ഷ എന്നിവയിൽ പങ്കെടുക്കുന്നതിനായി പരിശീലനം നൽകുന്നു.
- ക്വിസ് ക്ലബ്ബിലൂടെ ശാസ്ത്രക്വിസുകൾ നടത്തി കുട്ടികളെ വിവിധ ശാസ്ത്ര ക്വിസ്, മത്സരങ്ങൾക്കായി ഒരുക്കുന്നു.
- ലാബ് സന്ദർശനം- ബയോളജിക്കൽ സ്പെസിയനുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഫാത്തിമാ മാതാ നാഷണൽ കോളേജിലെ ബോട്ടണി - സുവോളജി ലാബുകൾ സന്ദർശിക്കുന്നു.
- ഫീൽഡ് ട്രിപ്പ്- 8-ാം ക്ലാസ്സിലെ ബയോളജി പാഠഭാഗത്തിലെ കൃഷിരീതികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി കുട്ടികൾക്ക് ഫാം വിസിറ്റ് ഒരുക്കുന്നു.
- ജൈവ വൈവിധ്യ ഉദ്യാനം വൃത്തിയായി മോടി പിടിപ്പിക്കുന്നു.
- മഴക്കാല പൂർവ്വ ശുചീകരണം, പകർച്ച വ്യാധികൾ എന്നിവയെക്കുറിച്ച് സ്കൂൾ തുറക്കുന്ന ജൂൺ മാ,ത്തിന് തന്നെ കുട്ടികളെ ബോധവൽക്കരിക്കുന്നു. സ്കൂൾപരിസരം വൃത്തിയാക്കുന്നു.
- വ്യക്തിശുചിത്വം കൗമാര വിദ്യാഭ്യാസം, ലൈംഗിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളെക്കുറിച്ച് ഡോക്ർ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ബോധവൽക്കരണം നടത്തുന്നു.

| Immediate | Short Term | Long Term |
|---|---|---|
| • Photogallery of Scientist<br>• Maintaining a book of scienists-biography and their achievements (once in a week)<br>• Science reading corner<br>• Science experiments debates and quiz<br>• Field trip<br>• Identification and classification of Plants in our school campus<br>• developing a skill in dissection of stem and mounting<br>• Developing the skills for preserving animal specimens in science lab<br>• Developing skills in making models and charts | • Maintaining Bio-diver-sity park<br>• Science magazine<br>• Documentary on ocean pollution (24-25 )<br>• A gallery for recent trends in science<br>• A class on repairing of household equipments<br>• An awareness class on benefits of consuming native foot<br>• Zumba class | • Budding & Layering of Plants<br>• Preparing herbarium<br>• Special Class for sloving problems<br>• Maintainig and developing hydroponics 24- |

# Academic Master Plan – 2025-2026 (Mathematics)

| പൊതുലക്ഷ്യങ്ങൾ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനകാര്യ വിശകലനം |
| 1 | ആശയധാരണ കൈവരിക്കൽ | ഗുണനപട്ടിക ഉറപ്പിക്കുന്നതിനു ള്ള ഗണിത കളികൾ. Pre-test നടത്തി | ജൂൺ ആദ്യ വാരം | ഗണിത അധ്യാപകർ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ | അധ്യാപകർ |
| 2 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ, PTA | PTA |
| 3 | ഗണിത ആശയങ്ങളിൽ നിന്നും ഉട ലെടുക്കുന്ന ഗണിതരൂപങ്ങൾ, അള വുകൾ, ഇവ പരിചയപ്പെടുത്തൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിലുട നീളം | അധ്യാപകർ ഗണിത ക്ലബ്ബ് | PTA |
| 4 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | തുടർപ്ര വർത്തനം | ഗണിതാധ്യാപകർ | PTA |
| 5 | സംഘബോധം ഉണ്ടാ ക്കൽ | സംഘപഠനം | തുടർപ്ര വർത്തനം | അധ്യാപകർ സംഘതലവൻ | PTA |

| | | | | | |
|---|---|---|---|---|---|
| 6 | ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം, തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപകർ | അധ്യാപകർ |
| 7 | ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ആധുനിക രീതിയിലുള്ള ഗണിത ലാബ് | അക്കാദമിക വർഷം | അധ്യാപകർ ഗണിതക്ലബ്ബ് | മാനേജ്മെന്റ്, അധ്യാപകർ ക്ലബ്, പിറ്റിഎ |
| 8 | ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു | തുടർപ്രവർത്തനം | അധ്യാപകർ ഗണിതക്ലബ്ബ് | PTA |
| 9 | മത്സരപരീക്ഷകളിലേക്കും ഗണിതമേളകളിലേക്കും പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ | Seminar, Quiz, Model Making, Talent Search Examination Mental Ability Practice | അക്കാദമിക വർഷം | അധ്യാപകർ | അധ്യാപകർ |
| 10 | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | അധ്യാപകർ ഗണിതക്ലബ്ബ് | അധ്യാപകർ ഗണിതക്ലബ്ബ് |